**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലെ ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുടെ ശമ്പളസ്കെയിൽ വെളിപ്പെടുത്താമോ; | (എ) | ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുടെ ശമ്പളസ്കെയിൽ ചുവടെ ചേർക്കുന്നു.<br><br>ജനറൽ വർക്കർ (ഗ്രേഡ് III)- 12650-300-13250-350-15000-400-17000-450-18800-500-21300-600-24300-700-25700<br><br>ജനറൽ വർക്കർ (ഗ്രേഡ് II)- 13600-350-15000-400-17000-450-18800-500-21300-600-24300-700-28600<br><br>ജനറൽ വർക്കർ (ഗ്രേഡ് I)- 15000-400-17000-450-18800-500-21300-600-24300-700-27800-800-31800 |
| (ബി) | പ്രസ്തുത വേതനവ്യവസ്ഥ നിലവിലെ സാഹചര്യത്തിൽ വളരെകുറവാണെന്നത് കണക്കിലെടുത്ത് അവരുടെ ശമ്പള വർദ്ധനവിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിലെ ശമ്പളപരിഷ്കരണ കാലാവധി 30.06.2023 ന് പൂർത്തിയായിട്ടുണ്ട്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് അനുവദിച്ചുവരുന്ന H.R.A., C.C.A., D.A. മുതലായവയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ആയുർവേദ മരുന്നു നിർമ്മാണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമായ മിനിമം വേജസ്, ക്ഷാമബത്ത എന്നിവ അടിസ്ഥാനമാക്കിയാണ് ടി ജീവനക്കാരുടെ വേതനം നിശ്ചയിച്ചിട്ടുള്ളത്. 1998-99 വർഷം അടിസ്ഥാനമാക്കിയ തൃശ്ശൂർ കേന്ദ്രത്തിലെ ഉപഭോക്തൃ വിലസൂചിക ആധാരമാക്കിയാണ് ടി വിഭാഗം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചു വരുന്നത്. ആയതുപ്രകാരം പ്രതിമാസം 2,513/- രൂപയാണ് ക്ഷാമബത്ത ഇനത്തിൽ അനുവദിച്ചു വരുന്നത്. ടി വിഭാഗം ജീവനക്കാർക്ക് HRA, CCA അലവൻസുകൾ അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ